**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1293** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെന്റിന്റെ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്താൻ നിയോഗിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെന്റിന്റെ റിപ്പോർട്ടിൽ വകുപ്പ് അഴിച്ചു പണിയണമെന്ന് പരാമർശമുണ്ടോ ; എങ്കിൽ വിശദമാക്കാമോ; | (എ) | ഐ.എം.ജി സമർപ്പിച്ച പ്രവൃത്തി പഠന റിപ്പോർട്ടിൽ വകുപ്പിലെ ഓരോ വിഭാഗങ്ങളുടെയും കാര്യാലയങ്ങൾക്ക് ഉദ്യോഗസ്ഥരുടെ ഘടന ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | റോഡുകൾ വേഗം പൊളിയുന്നതിനുള്ള കാരണം ഗുണനിലവാരം കർശനമാക്കാത്തതാണ് എന്നും ഗുണനിലവാര പരിശോധന കാര്യക്ഷമമായി നടക്കാത്തതാണ് എന്നും റിപ്പോർട്ടിൽ കണ്ടെത്തുകയുണ്ടായോ; വ്യക്തമാക്കുമോ ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണം സംബന്ധിച്ച് ഐ.എം.ജി സമർപ്പിച്ച പ്രവൃത്തി പഠന റിപ്പോർട്ടിൽ വകുപ്പിന്റെ സാങ്കേതിക വശങ്ങൾ കൂടി ഉൾപ്പെടുത്തി സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറെ നോഡൽ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ പ്രാരംഭ റിപ്പോർട്ട് നോഡൽ ഓഫീസർ സമർപ്പിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പിന് അനിവാര്യമായ, തസ്തികകൾ, ജീവനക്കാരുടെ പുനർവിന്യാസം, റോഡ് സുരക്ഷാ നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | മറ്റെന്തെല്ലാം പ്രധാനപ്പെട്ട കണ്ടെത്തലുകളാണ് റിപ്പോർട്ടിൽ ഉള്ളതെന്ന് വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണം സംബന്ധിച്ച് ഐ.എം.ജി സമർപ്പിച്ച പ്രവൃത്തി പഠന റിപ്പോർട്ടിൽ വകുപ്പിന്റെ സാങ്കേതിക വശങ്ങൾ കൂടി ഉൾപ്പെടുത്തി സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറെ നോഡൽ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ പ്രാരംഭ റിപ്പോർട്ട് നോഡൽ ഓഫീസർ സമർപ്പിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പിന് അനിവാര്യമായ, തസ്തികകൾ, ജീവനക്കാരുടെ പുനർവിന്യാസം, റോഡ് സുരക്ഷാ നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തിരുത്തൽ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ? | (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണം സംബന്ധിച്ച് ഐ.എം.ജി സമർപ്പിച്ച പ്രവൃത്തി പഠന റിപ്പോർട്ടിൽ വകുപ്പിന്റെ സാങ്കേതിക വശങ്ങൾ കൂടി ഉൾപ്പെടുത്തി സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറെ നോഡൽ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ പ്രാരംഭ റിപ്പോർട്ട് നോഡൽ ഓഫീസർ സമർപ്പിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പിന് അനിവാര്യമായ, തസ്തികകൾ, ജീവനക്കാരുടെ പുനർവിന്യാസം, റോഡ് സുരക്ഷാ നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ